**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2307 | 18.12.2012-ലെ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിനു കീഴിൽ കൂടുതൽ അരിച്ചന്തകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർ ഫെഡറേഷൻ അരിയുടെ വിൽപ്പനയ്ക്ക് മാത്രമായി ചന്തകൾ നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | ത്രിവേണി സ്റ്റോറുകളിലൂടെ ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരവും അളവും കൃത്യമാക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സാധനങ്ങൾ വാങ്ങുന്നതിനു മുൻപായി വാങ്ങുന്ന സാധനങ്ങളുടെ സാമ്പിൾ, കൺസ്യൂമർ ഫെഡിന്റെ പർച്ചെയ്സ് കമ്മിറ്റി സൂക്ഷ്മമായി പരിശോധിച്ച് ഗുണ നിലവാരവും അളവും ഉറപ്പുവരുത്തുന്നുണ്ട്. സാധനങ്ങൾ ഗോഡൗണുകളിൽ സ്വീകരിക്കുന്നതിന് മുമ്പായി സാമ്പിൾ പ്രകാരമുള്ള സാധനങ്ങൾ നിശ്ചിത അളവിൽ തന്നെയാണ് സപ്ലൈ ചെയ്യുന്നത് എന്ന് ഗോഡൗൺ മാനേജർമാർ ഉറപ്പുവരുത്തുന്നുണ്ട്. ഗുണമേൻമ ഉറപ്പുവരുത്തുന്നത് സംബന്ധമായി കർശനമായ ക്രമീകരണങ്ങൾ |

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗുണ നിലവാരവും അളവിലെ കൃത്യതയും ഉറപ്പു വരുത്തുന്നതിനായി എല്ലാ ജില്ലകളിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളും, നീതി മെഡിക്കൽ സ്റ്റോറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവ സ്ഥാപിക്കുന്നതിനു വേണ്ട മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

(സി) ക്രമപ്രകാരമുള്ള അപേക്ഷ അർഹതപ്പെട്ട സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് കൺസ്യൂമർ ഫെഡ് നൽകുന്ന സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ നീതി സ്റ്റോറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നീതി സ്റ്റോർ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്.

1. സാമ്പത്തിക ഭദ്രതയുള്ളതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾ ആയിരിക്കണം.
2. സംഘത്തിന്റെ നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
3. പ്രവർത്തന പരിധി അതിവ്യാപനമുണ്ടാകുവാൻ പാടുള്ളതല്ല.
4. നീതി സ്റ്റോർ ആരംഭിക്കുന്നതിന് അനുവാദത്തിനായി അപേക്ഷിച്ചു കൊണ്ട് ഭരണ സമിതി തീരുമാനമെടുത്തിരിക്കണം.
5. സ്റ്റോർ ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ലഭ്യമായിരിക്കണം.
6. കൺസ്യൂമർ ഫെഡറേഷന്റെ

സമ്മതപത്രം ലഭ്യമായിരിക്കണം.

7. സംഘം അഴിമതി വിമുക്തമായിരിക്കണം.
8. നീതി സ്റ്റോർ നടത്തുന്നതിന് പര്യാപ്തമായ തോതിൽ ജീവനക്കാർ സംഘത്തിനുണ്ടായിരിക്കണം.
9. വകുപ്പുതല അനുമതി ലഭ്യമായിരിക്കണം.

രണ്ടു പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന നിലയിൽ 500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷനു പദ്ധതിയുണ്ട്.

ഇക്കാര്യത്തിന്മേലുള്ള നടപടി പുരോഗമിച്ചു വരുന്നു. വാടക രഹിതമായി സ്ഥലം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് ഫെഡറേഷൻ നേരിട്ട് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിയ്ക്കുന്നത്.

സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്.

സംഘത്തിന്റെ അപേക്ഷ, ഭരണ സമിതി തീരുമാനം, പ്രോജക്ട് റിപ്പോർട്ട്, സംഘം നിയമാവലി, ആഡിറ്റ് ചെയ്ത കണക്കുകൾ, വാടകകെട്ടിടത്തിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെങ്കിൽ വാടകകരാർ പത്രം, നിർദ്ദിഷ്ട സ്റ്റോറിനു സമീപത്തായി സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം സംഘത്തിന്റെ

സാമ്പത്തിക സ്ഥിതി എന്നിവ
പരിശോധിച്ച് അതാത് ജില്ലാ
ജോയിന്റ് രജിസ്ട്രാർമാരുടെ
ശുപാർശയോടു കൂടിയാണ്
സഹകരണ സ്ഥാപനങ്ങൾക്ക്
നീതി മെഡിക്കൽ സ്റ്റോർ
അനുവദിച്ചു നൽകുന്നത്.

സെക്ഷൻ ഓഫീസർ